©
കേരള സർക്കാർ
Government of Kerala
2015

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2015-17

# കേരള ഗസററ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 4<br>Vol. IV | തിരുവനന്തപുരം, തിങ്കൾ<br>Thiruvananthapuram, Monday | 2015 ജൂൺ 1<br>1st June 2015<br>1190 ഇടവം 18<br>18th Idavam 1190<br>1937 ജ്യേഷ്ഠം 11<br>11th Jyaishta 1937 | നമ്പർ<br>No. | 1311 |

## കേരള സർക്കാർ

തദ്ദേശ സ്വയംഭരണ (ഇഎം) വകുപ്പ്

### വിജ്ഞാപനം

സ. ഉ. (അച്ചടി) നമ്പർ 184/2015/ത.സ്വ.ഭ.വ. *തിരുവനന്തപുരം, 2015 ജൂൺ 1 / 1190 ഇടവം 18.*

**എസ്. ആർ. ഒ. നമ്പർ 356/2015.**—1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് (1994-ലെ 20) 6-ാം വകുപ്പും ഭാരതത്തിന്റെ ഭരണഘടനയുടെ 243 റ്റി അനുച്ഛേദവും കൂട്ടി വായിച്ചപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് കേരള സർക്കാർ 2009 നവംബർ 28-ാം തീയതിയിലെ സ. ഉ. (അച്ചടി) 229/2009/ത.സ്വ.ഭ.വ. നമ്പരായി പുറപ്പെടുവിച്ചതും 2009 നവംബർ 28-ാം തീയതിയിലെ 2208-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 1014/2009 ആയി പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപനത്തെയും 2010 ജൂൺ 14-ാം തീയതിയിലെ

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെൻറ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2015.

33/2182/2015/S-9.

സ. ഉ. (അച്ചടി) 124/2010/ത.സ്വ.ഭ.വ. നമ്പരായി പുറപ്പെടുവിച്ചതും 2010 ജൂൺ 14—ാം തീയതിയിലെ 1351-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 579/2010 ആയി പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപനത്തെയും ഭാഗികമായി ഭേദഗതി ചെയ്തുകൊണ്ട്, താഴെപ്പറയുന്ന പട്ടികയിൽ (2)-ാം കോളത്തിൽ പറഞ്ഞിട്ടുള്ള മുനിസിപ്പൽ കൗൺസിലുകളിലെ നേരിട്ടുള്ള തെരഞ്ഞെടുപ്പിലൂടെ നികത്തേണ്ടതായ സ്ഥാനങ്ങളുടെ എണ്ണവും സ്ത്രീകൾക്കും (പട്ടികജാതിക്കാരിലെയും പട്ടികഗോത്രവർഗ്ഗങ്ങളിലെയും സ്ത്രീകൾ ഉൾപ്പെടെ), പട്ടികജാതിക്കാർക്കും പട്ടികജാതിയിൽപ്പെടുന്ന സ്ത്രീകൾക്കും പട്ടികഗോത്ര വർഗ്ഗക്കാർക്കും പട്ടികഗോത്രവർഗ്ഗത്തിൽപ്പെടുന്ന സ്ത്രീകൾക്കും സംവരണം ചെയ്യേണ്ടതായ സ്ഥാനങ്ങളുടെ എണ്ണവും യഥാക്രമം താഴെ പട്ടികയിലെ (3), (4), (5), (6), (7), (8) എന്നീ കോളങ്ങളിൽ പറഞ്ഞിട്ടുള്ള പ്രകാരം നിശ്ചയിച്ച് കേരള സർക്കാർ വിജ്ഞാപനം ചെയ്യുന്നു, അതായത്:—

## പട്ടിക

## മുനിസിപ്പൽ കൗൺസിൽ

| ക്രമനമ്പർ | മുനിസിപ്പൽ കൗൺസിലിന്റെ പേര് | നേരിട്ടുള്ള തെരഞ്ഞെടുപ്പിലൂടെ നികത്തേണ്ട സ്ഥാനങ്ങളുടെ എണ്ണം | സ്ത്രീകൾക്ക് (പട്ടികജാതിക്കാരിലും പട്ടികഗോത്രവർഗ്ഗങ്ങളിലും ഉൾപ്പെടുന്ന സ്ത്രീകൾ ഉൾപ്പെടെ) സംവരണം ചെയ്യേണ്ടതായ സ്ഥാനങ്ങളുടെ എണ്ണം | പട്ടികജാതിക്കാർക്ക് സംവരണം ചെയ്യേണ്ട സ്ഥാനങ്ങളുടെ എണ്ണം (പട്ടികജാതിക്കാരിൽപ്പെടുന്ന സ്ത്രീകളുൾപ്പെടെ) | പട്ടികജാതിക്കാരിൽപ്പെടുന്ന സ്ത്രീകൾക്ക് സംവരണം ചെയ്യേണ്ടതായ സ്ഥാനങ്ങളുടെ എണ്ണം | പട്ടികഗോത്രവർഗ്ഗക്കാർക്ക് സംവരണം ചെയ്യേണ്ട സ്ഥാനങ്ങളുടെ എണ്ണം (പട്ടികഗോത്രവർഗ്ഗങ്ങളിൽപ്പെടുന്ന സ്ത്രീകൾ ഉൾപ്പെടെ) | പട്ടികഗോത്രവർഗ്ഗങ്ങളിൽപ്പെടുന്ന സ്ത്രീകൾക്ക് സംവരണം ചെയ്യേണ്ടതായ സ്ഥാനങ്ങളുടെ എണ്ണം |
|---|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) | (8) |
| 1 | കൊണ്ടോട്ടി | 40 | 20 | 5 | 3 | ഇല്ല | ഇല്ല |
| 2 | ഫറോക്ക് | 38 | 19 | 3 | 2 | ഇല്ല | ഇല്ല |

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

**എ. പി. എം. മുഹമ്മദ് ഹനീഷ്,**
*ഗവൺമെന്റ് സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് 6-ാം വകുപ്പ് പ്രകാരം മുനിസിപ്പൽ കൗൺസിലിലേക്ക്/മുനിസിപ്പൽ കോർപ്പറേഷനിലേക്ക് നേരിട്ടുള്ള തെരഞ്ഞെടുപ്പിലൂടെ നികത്തേണ്ടതായ സ്ഥാനങ്ങളുടെ എണ്ണം നിശ്ചയിക്കുന്നതിനുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമാണ്. 2015-ലെ തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പിന് മുന്നോടിയായി സംസ്ഥാനത്ത് പുതിയതായി രൂപീകരിച്ച നഗരസഭകളുടെയും/ കോർപ്പറേഷന്റെയും, സംഗതിയിലും, നിലവിലുള്ള മുനിസിപ്പൽ കോർപ്പറേഷനുകളോട്/ മുനിസിപ്പൽ കൗൺസിലുകളോട് ഭൂമിശാസ്ത്രപരമായി തൊട്ടുകിടക്കുന്ന ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളെ കൂട്ടിച്ചേർക്കുകയോ/കുറവുചെയ്യുകയോ ചെയ്തുകൊണ്ട് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള വിജ്ഞാപനങ്ങളുടെ അടിസ്ഥാനത്തിലും ബന്ധപ്പെട്ട മുനിസിപ്പൽ കോർപ്പറേഷനുകളിലേക്കും/മുനിസിപ്പൽ കൗൺസിലുകളിലേക്കും നേരിട്ടുള്ള തെരഞ്ഞെടുപ്പിലൂടെ നികത്തേണ്ടതായ സ്ഥാനങ്ങളുടെ എണ്ണവും, സ്ത്രീകൾക്കും (പട്ടികജാതിക്കാരിലേയും പട്ടികഗോത്രവർഗ്ഗങ്ങളിലേയും സ്ത്രീകൾ ഉൾപ്പെടെ), പട്ടികജാതിക്കാർക്കും പട്ടികജാതിയിൽപ്പെടുന്ന സ്ത്രീകൾക്കും, പട്ടികഗോത്രവർഗ്ഗക്കാർക്കും പട്ടികഗോത്രവർഗ്ഗങ്ങളിൽപ്പെടുന്ന സ്ത്രീകൾക്കും സംവരണം ചെയ്യപ്പെടേണ്ടതായ സ്ഥാനങ്ങളുടെ എണ്ണവും നിശ്ചയിച്ച് 2015 മേയ് 11-ാം തീയതിയിലെ 1135-ാം നമ്പർ അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 302/2015 ആയി സ. ഉ. (പി) 164/2015/ത.സ്വ.ഭ.വ. നമ്പർ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. എന്നാൽ മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി, നെടിയിരുപ്പ് ഗ്രാമ പഞ്ചായത്തുകളെ സംയോജിപ്പിച്ച് കൊണ്ടോട്ടി ആസ്ഥാനമാക്കിയും, കോഴിക്കോട് ജില്ലയിലെ ഫറോക്ക് ഗ്രാമപഞ്ചായത്തിനെ പരിവർത്തനപ്പെടുത്തി ഫറോക്ക് ആസ്ഥാനമാക്കിയും യഥാക്രമം കൊണ്ടോട്ടി, ഫറോക്ക് എന്ന പേരുകളിൽ പുതിയ 2 മുനിസിപ്പൽ കൗൺസിലുകൾ കൂടി 2015 നവംബർ 1-ാം തീയതി മുതൽ പ്രാബല്യത്തിൽ വരത്തക്കവണ്ണം രൂപീകരിച്ചുകൊണ്ട് 2015 മേയ് 26-ാം തീയതിയിലെ 1273-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 340/2015 ആയി സ. ഉ. (അച്ചടി) 179/2015/ത.സ്വ.ഭ.വ. നമ്പർ വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി. അപ്രകാരം രൂപീകരിച്ച കൊണ്ടോട്ടി, ഫറോക്ക് മുനിസിപ്പൽ കൗൺസിലുകൾ നേരിട്ടുള്ള തിരഞ്ഞെടുപ്പിലൂടെ നികത്തേണ്ടതായ സ്ഥാനങ്ങളുടെ എണ്ണവും, സ്ത്രീകൾക്കും (പട്ടികജാതിക്കാരിലേയും പട്ടികഗോത്രവർഗ്ഗങ്ങളിലേയും സ്ത്രീകൾ ഉൾപ്പെടെ) പട്ടികജാതിക്കാർക്കും പട്ടിക ജാതിക്കാരിൽപ്പെടുന്ന സ്ത്രീകൾക്കും പട്ടികഗോത്രവർഗ്ഗക്കാർക്കും പട്ടികഗോത്രവർഗ്ഗ ങ്ങളിൽപ്പെടുന്ന സ്ത്രീകൾക്കും സംവരണം ചെയ്യപ്പെടേണ്ടതായ സ്ഥാനങ്ങളുടെ എണ്ണവും പുതുക്കി നിശ്ചയിക്കുന്നതിന് സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.